സമർപ്പിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിലൊരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ കമ്പനിയിലെ സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി യൂണിയനുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തതിനെ തുടർന്ന് കോടതി ഇടക്കാല വിധിയിലൂടെ ഇക്കാര്യം സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) കോടതിയിൽ കേസ് വാദത്തിനായി വരുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരള ഫീഡ്സിലെ ദിവസ വേതനക്കാരുടെ വേതനം അവസാനമായി 1-10-2017-ൽ പരിഷ്കരിച്ചിട്ടുണ്ട്.

### കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി

139 (2682) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ വരുന്നതും കരകുളത്തെ കെൽട്രോൺ കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്നതുമായ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനം പാറശ്ശാലയിലെ ആടുവളർത്തൽ കേന്ദ്രത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

സർവ്വകലാശാല ഉദ്യോഗസ്ഥരും ഭരണസമിതി പ്രതിനിധികളും പാറശ്ശാലയിലെ ആടുവളർത്തൽ കേന്ദ്രത്തിലെ സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

### മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം

140 (2683) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനത്തിനായുള്ള എത്ര ഫയലുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനം ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള 63 ഫയലുകൾ നിലവിലുണ്ട്.

(ബി) നിയമനം ത്വരിതഗതിയിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കോതമംഗലത്ത് കന്നുകാലി ഫാമുകൾ**

141 (2684) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയായ കോതമംഗലം മണ്ഡലത്തിൽ കർഷകർക്ക് മികച്ച ഗുണനിലവാരമുള്ള കന്നുകാലികളെ വിതരണം ചെയ്യുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കന്നുകാലി ഫാം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമായി സംയോജിച്ച്, കോതമംഗലം മണ്ഡലത്തിലെ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ നേര്യമംഗലം എന്നിവിടങ്ങളിൽ കന്നുകാലി ഫാം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിലവിൽ ഇതുസംബന്ധിച്ച് പദ്ധതികളൊന്നുംതന്നെ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിലേക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് സാധ്യതകളന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര മൃഗാശുപത്രി രാത്രികാലങ്ങളിലും പ്രവർത്തിപ്പിക്കാൻ നടപടി**

142 (2685) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മൃഗാശുപത്രി രാത്രികാലങ്ങളിലും പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. 2017-ൽ നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) മൃഗാശുപത്രി രാത്രികാലങ്ങളിലും പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ തടസ്സം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) 2018 മാർച്ചിന് മുൻപ് പ്രസ്തുത മൃഗാശുപത്രിയുടെ സേവനം 24 മണിക്കൂർ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?